പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2481 **27-10-2026-ൽ മറുപടിയ്ക്ക്**

നിക്ഷേപ തുക സമയബന്ധിതമായി തിരികെ നൽകുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച പണം കാലാവധി പൂർത്തിയായിട്ടും തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി:

സഹകരണ സംഘങ്ങളിൽ/ ബാങ്ക കളിൽ ചിലയിടങ്ങളിൽ നിക്ഷേപിച്ച പണം കാലാവധി പൂർത്തിയായിട്ടും തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം തിരികെ നൽകാനാകാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി കണ്ടെത്തി യിട്ടുള്ള 450 സംഘങ്ങളിൽ ക്രമക്കേട് നടന്നുവെന്ന് പ്രാഥമിക അന്വേഷണ ത്തിൽ ബോധ്യപ്പെട്ടിട്ടുള്ള 251 സംഘങ്ങ ളിൽ അന്വേഷണ നടപടികൾ സ്വീകരിച്ചു വരുന്നു. സഹകരണ സംഘങ്ങളിലെ പരിശോധനകളിൽ ധനാപഹരണം, ധനദുർവിനിയോഗം, ഭരണ നിർവ്വഹണ ത്തിലെ കെടുകാര്യസ്ഥത, സഹകരണ നിയമം, ചട്ടം, സംഘം നിയമാവലി എന്നിവ പാലിക്കാതെയുള്ള പ്രവർത്തന ങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള സംഘ ങ്ങളിലും സഹകരണ ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്/ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്/ സ്പെഷ്യൽ റിപ്പോർട്ട് എന്നിവ റിപ്പോർട്ട് ചെയ്തിട്ടുള്ള സംഘങ്ങളിലും, കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണപര മായ അഴിമതികളോ സാമ്പത്തിക തകർച്ചയോ കണ്ടെത്തിയാൽ വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി:

സാമ്പത്തിക പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷി ക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാന ങ്ങളുടെ വിശദാംശം ഇനി പറയുന്നു.

1. **വിശ്വാസ് പദ്ധതി:**

ചില സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതു മായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധി കൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങളും വിശ്വാസ്യതയും സംരക്ഷിക്കുന്ന തിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ഇതിന്റെ ഭാഗമായി, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ സഹകരണ സംഘങ്ങളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം

അംഗങ്ങൾ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് സുരക്ഷ ഉറപ്പാക്കുന്നതിലൂടെ നിക്ഷേപകർക്ക് ആത്മവിശ്വാസം വളർത്താനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനുമായി രൂപീകരിച്ച പദ്ധതിയാണിത്. 1969- ലെ കേരള സഹകരണ സംഘം നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും, സ്കീമിൽ അംഗങ്ങളുമായ സംഘങ്ങളുടെ പ്രവർത്തനം സമാപ്തീകരിക്കുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും സെറ്റിൽമെന്റ് ഓഫ് ക്ലെയിം ആയി നൽകുന്നു.

ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകൻ അധിക വിഹിതം അടയ്ക്കുന്ന പക്ഷം, പരമാവധി ക്ലയിം തുക 10 ലക്ഷം രൂപ വരെ നൽകുവാനും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

സാമ്പത്തിക പ്രതിസന്ധി കാരണം നിക്ഷേപം മടക്കി നൽകാൻ സാധിക്കാത്ത സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥയും നിലവിലുണ്ട്.

ലിക്വിഡേഷനിലുള്ള സംഘങ്ങൾക്ക് പുറമേ നിക്ഷേപം തിരികെ നൽകാനാകാതെ പ്രതിസന്ധിയിലായ സംഘങ്ങളിലെ നിക്ഷേപകർക്ക് കൂടി ധനസഹായം ലഭ്യമാക്കത്തക്ക വിധത്തിൽ നിക്ഷേപഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ ചേരാതെ മാറിനിൽക്കുന്ന സംഘങ്ങളെ പൂർണ്ണമായും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കി പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം സ്വീകരിക്കുന്ന 7686 സംഘങ്ങളിൽ 4414 സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേർക്കുന്നതിന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതിൽ 4007 സംഘങ്ങൾ സ്കീമിൽ അംഗത്വമെടുത്തിട്ടുണ്ട്. അംഗത്വം എടുക്കാത്ത സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ അംഗത്വം എടുത്തതും എന്നാൽ അംഗത്വം പുതുക്കാത്തതുമായ സംഘങ്ങൾക്ക് പിഴപലിശ ഒടുക്കാതെ അംഗത്വം പുതുക്കുന്നതിനുള്ള സമയപരിധി 2026 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 2025-26 വർഷം അംഗത്വം പുതുക്കേണ്ട സംഘങ്ങൾക്ക് അംഗത്വം പുതുക്കുന്നതിനുള്ള സമയപരിധി 2026 ഒക്ടോബർ 31 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2026-27 സാമ്പത്തിക വർഷത്തേക്കുള്ള സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് പദ്ധതിയിലേക്ക് സർക്കാർ വിഹിതമായി "നിക്ഷേപ ഗ്യാരൻറി ഫണ്ട് ബോർഡിന് ധനസഹായം (സബ്സിഡി) പദ്ധതി പ്രകാരം 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. കേരള സഹകരണ വികസന ക്ഷേമ പദ്ധതി

കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ തകർച്ച നേരിടുന്നതോ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും (Rehabilitate) അവയെ ശക്തി പ്പെടുത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള കേരള സഹകരണ ക്ഷേമ വികസന പദ്ധതി പ്രകാരം സാമ്പത്തിക ബാധ്യത നേരിടുന്നതും ദുർബ്ബലവുമായ സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി അവയെ സംരക്ഷിക്കുന്നതിനു കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് പ്രവർത്തിക്കുന്നുണ്ട്.

4. കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ അടിയന്തര സാഹചര്യ ങ്ങൾ മൂലം പ്രവർത്തനമാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2025 പ്രകാരമുള്ള ധനസഹായം പ്രതിസന്ധിയിലായ സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കി അവയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി, പദ്ധതി വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) നിക്ഷേപകർക്ക് പണം തിരികെ ലഭിക്കുന്നതിന് നിലവിലുള്ള നിയമപരമായ പരിരക്ഷകൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുമോ; നിക്ഷേപകരുടെ വിശ്വാസം കാത്തുസൂക്ഷിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> നിക്ഷേപകർക്ക് പണം തിരികെ ലഭിക്കുന്നതിന് നിലവിലുള്ള നിയമപരമായ പരിരക്ഷകൾ ചുവടെ ചേർത്തിട്ടുള്ളത് പോലെ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.

- **1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 അന്വേഷണം :**

സഹകരണ സംഘങ്ങളിലെ പരിശോധനകളിൽ ഏതെങ്കിലും തരത്തിലുള്ള ധനാപഹരണം, ധനദുർവിനിയോഗം, ഭരണനിർവ്വഹണത്തിലെ കെടുകാര്യസ്ഥത, സഹകരണ നിയമം, ചട്ടം, സംഘം നിയമാവലി എന്നിവ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ, സഹകരണ ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്/ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്/സ്പെഷ്യൽ റിപ്പോർട്ടിന്മേൽ, സംഘം കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ അല്ലെങ്കിൽ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കുറയാത്തതോ അല്ലെങ്കിൽ പൊതുയോഗ കോറത്തിനാവശ്യമായ എണ്ണം അംഗങ്ങളോ ഏതാണോ കുറവ് അവരുടെ അപേക്ഷയിന്മേൽ, ധനസഹായ ബാങ്കിന്റെ അപേക്ഷയിന്മേൽ, അഫിലിയേറ്റ് ചെയ്ത സംഘം

ഭരണസമിതിയുടെ അപേക്ഷയിന്മേൽ രജിസ്ട്രാർ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭരണപരമായ അഴിമതികളോ സാമ്പത്തിക തകർച്ചയോ കണ്ടെത്തിയാൽ വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് 48 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

- **1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പരിശോധന**

ഒരു സംഘത്തിന്റെ കണക്കുപുസ്തകങ്ങൾ, രേഖകൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് റെഗുലേറ്റർ എന്ന നിലയിൽ മേൽനോട്ടത്തിന്റെ ഭാഗമായുള്ള പ്രത്യേക പരിശോധനയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയ്ക്കായി 41 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതോടൊപ്പം രജിസ്ട്രാർക്ക് സ്വമേധയായോ, അല്ലെങ്കിൽ നിക്ഷേപകരുടെ, പരാതികളിന്മേലും വകുപ്പ് 66(2) പ്രകാരവും വിശദമായ പരിശോധന നടത്താവുന്നതാണ്. ടി പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

- **1969-ലെ കേരള സഹകരണ നിയമം വകുപ്പ് 68(1), 68(2)**

വകുപ്പ് 63 ഓഡിറ്റ്, വകുപ്പ് 65, വകുപ്പ് 66 എന്നീ പരിശോധനകളിൽ ഏതെങ്കിലും ഒന്നിലൂടെ സംഘത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ വകുപ്പുകൾ പ്രകാരം സംഘത്തിനുണ്ടായ നഷ്ടം ഉത്തരവാദികളായ വ്യക്തികൾ, ജീവനക്കാർ, ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പുതല പരിശോധനകളുടെയും, അന്വേഷണങ്ങളുടെയും പുരോഗതികൾ നിരീക്ഷിക്കുന്നതിനും, വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ സർചാർജ്ജ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും

ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലുള്ള സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

- **1969-ലെ കേരള സഹകരണ നിയമം വകുപ്പ്**

68(എ):

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും, സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം നിയമിച്ചിട്ടുള്ള സഹകരണ വിജിലൻസ് ഓഫീസർ (സൂപ്രണ്ട് ഓഫ് പോലീസ്) ന്റെ നേതൃത്വത്തിലുള്ള സംവിധാനത്തിലൂടെയും ജോയിന്റ് രജിസ്ട്രാർമാർ മുഖാന്തിരവും അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ആഫീസുകൾക്കും ഈ സർക്കാറിന്റെ കാലത്ത് പുതിയ വാഹനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. വകുപ്പ് 68 B പ്രകാരം ഗവൺമെന്റിനോ, സഹകരണ സംഘം രജിസ്ട്രാർക്കോ ക്രമക്കേട് നടന്ന സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിന് പോലീസിനോ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതാണെന്ന വ്യവസ്ഥയും നിലവിലുണ്ട്.

ഇത്തരം സംഭവങ്ങൾ തടയുന്നതിനും നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി സംഘങ്ങളിലെ പരിശോധന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ കാര്യക്ഷമം ആക്കുകയും ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്ക് ടീം ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ യഥാസമയം വായ്പതുക തിരികെ അടയ്ക്കാത്ത വായ്പക്കാർക്ക് എതിരെ ആർബിട്രേഷൻ & എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ച് കുടിശിക വായ്പകൾ ഈടാക്കി എടുത്ത് മുൻഗണനാക്രമത്തിൽ നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. എക്സിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്ന തിലേക്കായി റവന്യു റിക്കവറി പോർട്ടൽ വഴി റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നിയന്ത്രിത നിക്ഷേപങ്ങളിൽ ക്രമക്കേടുകൾ മൂലം തിരികെ നൽകുവാൻ സാധിക്കാത്ത കേസുകളിൽ BUDS ACT പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

നിക്ഷേപകരുടെ വിശ്വാസം കാത്തുസൂക്ഷിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പ് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. വിശ്വാസ് പദ്ധതി:

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങളും വിശ്വാസ്യതയും സംരക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പദ്ധതിയുടെ സുഗമമായ നടത്തിപ്പി നായി ജില്ലാതലത്തിൽ സഹകരണ സംഘങ്ങളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം

സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം രൂപീകരിച്ചത്. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്നതും പ്രസ്തുത സ്കീമിൽ അംഗങ്ങളായതുമായ സംഘങ്ങൾ ലിക്വിഡേഷനിലാവുന്ന സാഹചര്യത്തിൽ, നിക്ഷേപകർക്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ 'സെറ്റിൽമെന്റ് ഓഫ് ക്ലെയിം' (Settlement of Claim) ആയി നൽകിവരുന്നു.

ഗ്യാരന്റീഡ് സംഘങ്ങളിലെ നിക്ഷേപകൻ അധിക വിഹിതം അടയ്ക്കുന്ന പക്ഷം, പരമാവധി ക്ലയിം തുക 10 ലക്ഷം രൂപ വരെ നൽകുവാനും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

ലിക്വിഡേഷനിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് പുറമെ , അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ മൂലമല്ലാതെ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായതും എന്നാൽ ലിക്വിഡേഷനിൽ ഉൾപ്പെടാത്തതുമായ സംഘങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കത്തക്കവിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള കരട് നിർദ്ദേശം തയ്യാറാക്കി യിട്ടുണ്ട്.

3. കേരള സഹകരണ ക്ഷേമ വികസന പദ്ധതി

സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ തകർച്ച നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും (Rehabilitate) അവയെ ശക്തിപ്പെടുത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് കേരള സഹകരണ ക്ഷേമ വികസന പദ്ധതി. 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57 എ (Section 57 A) പ്രകാരം നിലവിൽ വന്നിട്ടുള്ള ടി പദ്ധതിയുടെ മുഖ്യലക്ഷ്യം, സാമ്പത്തിക ബാധ്യത നേരിടുന്നതും ദുർബ്ബലവുമായ സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി അവയെ പുനരുദ്ധരിക്കുക എന്നതാണ്.

4 കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ അടിയന്തര സാഹചര്യങ്ങൾ മൂലം പ്രവർത്തനമാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടു കൂടി നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, പദ്ധതി വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ